ഉത്തരം

(എ) 190,17,05,476/-രൂപ

(ബി) 75,70,53,925/-രൂപ

(സി) ആകെ കുടിശ്ശികയിൽ പ്രിൻസിപ്പൽ 114,46,51,551/- രൂപയും പിഴപ്പലിശ 75,70,53,925/- രൂപയുമാണ്.

കുടിശ്ശിക അടയ്ക്കാൻ ഇളവ്

37 (992)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1968 മുതൽ അബ്കാരി കോൺട്രാക്ടർമാർ സർക്കാരിലേക്ക് അടയ്ക്കുവാനുള്ള കുടിശ്ശിക അടച്ചു തീർക്കുന്നതിന് എന്തെങ്കിലും ഇളവ് നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31.3.1997 വരെയുള്ള കുടിശ്ശിക തുക മുഴുവനായി 31.8.2000 ത്തിനകം അടച്ചു തീർക്കുന്നവർക്ക് അതുവരെയുള്ള പലിശത്തുകയുടെ 75 ശതമാനം ഇളവ്, നല്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ ഇളവു നല്കുന്ന പലിശ കഴിഞ്ഞ് അടയ്ക്കേണ്ട പലിശത്തുക മുതൽ തുകയുടെ 100 ശതമാനത്തിൽ കൂടുതലാകരുതെന്നും ഈ ആനുകൂല്യം ലഭിക്കേണ്ട കുടിശ്ശികക്കാർ 15.7.2000 ത്തിനകം അതാത് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് രേഖാമൂലം അപേക്ഷിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എക്സൈസ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ നല്കുന്നതിന് നടപടി

38 (993)ശ്രീ. പി.ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചാരായ നിരോധനം ഏർപ്പെടുത്തുമ്പോൾ എക്സൈസ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ നല്കണമെന്നും പരിശീലനം നല്കണമെന്നും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു വേണ്ട തോക്കുകൾ ഉൾപ്പെടെയുള്ള ആയുധങ്ങൾ വാങ്ങിയിരുന്നുവോ; എങ്കിൽ എന്നാണ് അവ വാങ്ങിയതെന്നും എത്ര രൂപ ചെലവായെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ആയുധങ്ങൾ അവർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സൈസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ ആയുധങ്ങൾ നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; അതനുസരിച്ച് നടപടിയെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ തീരുമാനത്തിന്റെ വെളിച്ചത്തിൽ 101 റിവോൾവർ (0.32) 1996 ജൂലായ് മാസത്തിൽ വാങ്ങിയിട്ടുണ്ട്. ഇതിന് 44,14,665 രൂപ ചെലവായി.

(സി&ഡി) എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ആയുധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏതാണ്ട് പൂർത്തിയായി വരുന്നു.

എക്സൈസ് വകുപ്പിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചവർക്കെതിരെ വിജിലൻസ് അന്വേഷണം

39 (994)ശ്രീ. വി.ജെ. പൗലോസ്

ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരിൽ അറിയപ്പെടുന്ന വരവുകൾക്കതീതമായി സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് വകുപ്പിലെ വിജിലൻസ് ഓഫീസർ ശുപാർശ ചെയ്തിരുന്നു;

(ബി) ഈ ശുപാർശ പ്രകാരം ആരുടെയെല്ലാം പേരിൽ അന്വേഷണം നടത്തിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവരുടെ പേരിൽ അന്വേഷണം നടത്താത്തതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രീ. വർഗ്ഗീസ് ഐസക്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തണമെന്ന് വകുപ്പിലെ വിജിലൻസ് ഓഫീസർ ശുപാർശ ചെയ്തിരുന്നു.

(ബി) ശ്രീ. വർഗ്ഗീസ് ഐസക്കിന്റെ പേരിൽ അന്വേഷണം നടന്നു വരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ്, പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മാസപ്പടി നൽകുന്ന സംഭവങ്ങൾ

40 (995)ശ്രീ. ബി. വിജയകുമാർ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് നിലവിൽവന്നശേഷം അബ്കാരി കോൺട്രാക്ടർമാർ എക്സൈസ് പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മാസപ്പടി നല്കുന്ന സംഭവങ്ങൾ എവിടെ നിന്നെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാര്യത്തിൽ ഗവണ്മെന്റ് എന്തു നടപടി എടുത്തു;

(സി) ഈ ഏർപ്പാട് അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly